**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ലയിലെ കരിപ്പയിൽ ചാൽ നവീകരണ പ്രവർത്തനങ്ങൾക്കായി ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിയ്ക്കുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.2602/2019/ത.സ്വ.ഭ.വ** തിരുവനന്തപുരം,
**തീയതി,19/11/2019**

---

പരാമർശം:- 1. കടക്കരപ്പള്ളി ഗ്രാപഞ്ചായത്ത് പ്രസിഡന്റിന്റെ 03/10/2019 ലെ കത്ത്.

2. പട്ടണക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 03/10/2019 ലെ കത്ത്

3. ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 10/10/2019 ലെ കത്ത്

4. കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 11/10/2019 ലെ കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി, പട്ടണക്കാട് ബ്ലോക്കുകളിൽ ഉൾപ്പെട്ട ചേർത്തല തെക്ക്, കടക്കരപ്പള്ളി, പട്ടണക്കാട് ഗ്രാമ പഞ്ചായത്തുകളിലെ വാർഡുകളിലായി വ്യാപിച്ചു കിടക്കുന്ന 9 കിലോമീറ്ററോളം നീളമുള്ള കരിപ്പയിൽ ചാലിന്റെ ചുറ്റാകെ ഇരുകരകളിൽ നിന്നും ചാലുകളിലേക്ക് വീണുകിടക്കുന്ന കാടുകൾ തെളിക്കൽ, മരം വെട്ടി മാറ്റൽ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിലെ തനത് ഫണ്ടിൽ നിന്നും പരമാവധി 25,000/- രൂപ വരെ ചെലവഴിക്കാനുള്ള പ്രത്യേക അനുമതി നൽകണമെന്നാണ് പരാമർശ കത്തുകൾ പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി, പട്ടണക്കാട് ബ്ലോക്കുകളിൽ ഉൾപ്പെട്ട കരിപ്പയിൽ ചാൽ നവീകരണം എന്ന പദ്ധതിക്ക് വേണ്ടി നടക്കുന്ന സർവ്വേയുടെ പ്രാഥമിക ചെലവുകൾക്കായി ചേർത്തല സൗത്ത്, കടക്കരപ്പള്ളി, പട്ടണക്കാട് ഗ്രാമ പഞ്ചായത്തുകൾക്ക് അവരുടെ തനത് ഫണ്ടിൽ നിന്നും, കമ്മിറ്റി തീരുമാനത്തിന് വിധേയമായി, പരമാവധി 25,000/- രൂപ (ഇരുപത്തയ്യായിരം രൂപ)വരെ ചെലവഴിയ്ക്കുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടി സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം.

പ്രസിഡന്റ്/സെക്രട്ടറി, കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത്, ആലപ്പുഴ.

ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾ(പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ മുഖേന )

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ